# ആണ്ടറുതിയായിട്ട്

വള്ളത്തോൾ വാസുദേവമേനോൻ ബി. എ.



ആണ്ടറുതിയായിട്ട്

വള്ളത്തോൾ വാസുദേവമേനോൻ ബി. എ.
(മലയാളം: കഥ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Monk Talking to an Old Woman, a painting by Francisco Goya (1746–1828). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ആണ്ടറുതിയായിട്ട്

ധനുമാസമാണ്. പ്രഭാതമാവുന്നേ ഉള്ളൂ. പുറത്ത് ഒരു തണുത്ത കാറ്റു വീശുന്നുണ്ട്. അതു ക്രമേണ കൂടിക്കൂടി ചില സമയത്ത് ആ പഴയ ഒരുനിലമാളികയെ അടിയോടുകൂടി പുഴക്കിയിടുമോ എന്നു തോന്നത്തക്കവണ്ണം അത്ര കലശലായി പുറത്തലച്ചുകൊണ്ടിരുന്നു. നാലുപാടും നിശ്ശബ്ദമായിരുന്ന ആ വീട്ടിനുള്ളിൽ അനക്കത്തിന്റെ അടയാളങ്ങൾ കണ്ടു തുടങ്ങി. പ്രായം കൂടിയ ഒരു സ്ത്രീ ഒരു ചെറിയ നിലവിളക്കു കത്തിച്ചെടുത്തു ചെന്നു. ഉമ്മറവാതിൽ തുറന്നു. ഒരു കൈപ്പടം കൊണ്ടു വിളക്കു പൊത്തിക്കൊണ്ടു പുറത്തേയ്ക്കു വന്നു. 'പടേ' എന്നു സാക്ഷ നീക്കുന്നതിന്റെ ശബ്ദം നിശ്ശബ്ദമായ അകത്തേയും ഭേദിച്ചു കിടന്നുറങ്ങുന്നവരെ ഉണർത്തുവാൻ മതിയായിരുന്നു. പക്ഷേ, എന്തോ, തണുത്ത കാറ്റും പ്രഭാതത്തിലെ സുഖം പിടിച്ച രസമായ തണുപ്പും, പുതച്ചു മൂടിക്കിടക്കുവാൻ കുറേക്കൂടി സുഖം നല്കുകയാലായിരിക്കാം, ആരും ഉണരുകയുണ്ടായില്ല. പുറമേ ആരും കേൾക്കാനില്ലെങ്കിലും ആ സ്ത്രീ 'ദീപം' എന്ന് ഒന്നുരണ്ടു തവണ ഒരു മനസ്സമാധാനത്തിനെന്നപോലെ പറഞ്ഞു വീണ്ടും അകത്തേയ്ക്കു കടന്നു വാതിലടച്ചു. പിന്നീട് ഒരു ദീനക്കാരിയുടെ മട്ടിൽ ഒന്നുരണ്ടു ചുമച്ചതിനുശേഷം വിളക്കു നടുമുറ്റത്തിനു നേരേ കിഴക്കോട്ടു തിരിച്ചുവെച്ചു മകളെ വിളി തുടങ്ങി,

"ഭാനു, എണീക്കൂ എന്തുറക്കമാണിത്! ഒന്നിനുമാത്രം പോന്നില്ലേ? ഒരാണ്ടറുതിയായാലും നേരത്തെ എണീറ്റൊന്നു കുളിച്ചുകൂടെന്നോ?"

വിളി കേട്ട്, ആ സ്ത്രീ ഉദ്ദേശിച്ച ചെറുപ്പക്കാരിക്കു പകരം, അവരുടെ മരിച്ചുപോയ സഹോദരിയുടെ മകളായ ഒരു ചെറിയ കുട്ടിയാണുണർന്നത്. അവൾ എണീറ്റിരുന്നു, കുറേ നേരം പുറംകയ്യുകൊണ്ടു കണ്ണു തിരുമ്മി, രണ്ടു കയ്യും ചമ്രം പടിഞ്ഞിരുന്ന മടിയിൽ മലർത്തിവെച്ച് ഒരുദ്ദേശവുമില്ലാതെ കുറേ നേരം അങ്ങനെയിരുന്നു. പിന്നീടു കുറേനേരം അടുത്തു കിടക്കുന്ന യുവതിയെ വിളിച്ചു. ഉണരാനുള്ള ഭാവമില്ലെന്നു കണ്ടപ്പോൾ കുട്ടി എഴുന്നേറ്റു നിലവിളക്കിന്നരികെ ചെന്നിരുന്നു. തലേ ദിവസം മുത്തശ്ശി. മുറുക്കാൻ വെട്ടിയിരുന്ന അടയ്ക്കയുടെ തോടും തരങ്ങും വിളക്കിന്നരികെ വൃത്തിയായി കൂട്ടിവെച്ചിരുന്നു. അവൾ അതെടുത്തു എറ്റിക്കളിച്ചു. മുത്തശ്ശി അടുക്കളയിലേയ്ക്കും പോയി.

അകം നിശ്ശബ്ദമാണ്. പുറത്തു മാത്രം ഒരു കാറ്റു ലഹളക്കൂട്ടുന്നുണ്ട്. അസ്വസ്ഥനായ ഒരു തിരുവാതിരക്കാറ്റു വിറകുപുരയിൽ സ്ഥലപരിചയമില്ലാതെ ചുറ്റിനടന്നു ശബ്ദമുണ്ടാക്കുകയും, ഭിത്തിമേൽ തട്ടിത്തടഞ്ഞു ചിലപ്പോൾ ജനലുകൾ തുറക്കാനുള്ള ശ്രമത്തിലേർപ്പെടുകയും ചെയ്തു. പക്ഷേ, ശ്രമം ഫലിക്കാതെ, ഗൃഹനായികയെ പേടിച്ചിട്ടെന്ന പോലെ പെട്ടെന്നവിടം വിട്ടു പനങ്കൊലുകളിൽ കളിക്കുവാൻ ശ്രമിക്കുമ്പോൾ 'കരകര' എന്നൊരു ശബ്ദം മുഴക്കിക്കൊണ്ടിരുന്നു.

കുറച്ചുനേരം കഴിഞ്ഞപ്പോൾ ആ യുവതി കണ്ണു തുറന്നു; വെളിച്ചം കണ്ടു പിടഞ്ഞെഴുന്നേറ്റു. വസ്ത്രം വലിച്ചു നേരെയിട്ടതിനുശേഷം അഴിഞ്ഞു ചിന്നിക്കിടന്നിരുന്ന തലമുടി പിന്നിൽ ഒതുക്കിക്കെട്ടി രണ്ടു കൈകൊണ്ടും മുഖം പൊത്തി. അതോടുകൂടി കയ്യിലെ മെഴുക്കു മുഴുവൻ മുഖത്തു തുടച്ചു കോട്ടുവായിട്ടുകൊണ്ടു പറഞ്ഞു, "രാധേ, അമ്മയെവിടെ? കളിക്കാൻ പോയോ? ദാ, ആ അടയ്ക്കാത്തരങ്ങളെടുത്തു ചിന്നിച്ചിതറണ്ട. മുത്തശ്ശി ദേഷ്യപ്പെടും."

ശബ്ദം കേട്ട്. കുട്ടി മുഖം. തിരിച്ചു പറഞ്ഞു, "ചേച്ചിയെ ഞാൻ എത്ര വിളിച്ചൂന്നോ? മുത്തശ്ശി ദേഷ്യപ്പെട്ട് അടുക്കളയിലേയ്ക്കു പോയി." ഇതു പറഞ്ഞു കുട്ടി കുറച്ചിട മൗനമായിരുന്നു. ഉടനെ എന്തോ കാത്തിട്ടു വീണ്ടും പറഞ്ഞു, "ചേച്ചി, ഇന്നല്ലേ ഏട്ടൻ വരുക? അതിനുമുമ്പ് എനിക്കു കളിച്ചു വരണം. വരൂ. നോക്കു കളിക്കാൻ പോവാം."

ഇതിനു മറുപടിയൊന്നും പറയാതെ ആ യുവതി ഓവറയിൽ നിന്നു കിണ്ടിയും തമലയുമെടുത്തു പുറത്തേയ്ക്കുപോയി. കുട്ടിയും അവരെ അനുഗമിച്ചു.

ആ വീട്, കുടുംബശ്രീ എന്നു പറഞ്ഞുവരുന്ന എന്തോ ഒന്നുകൊണ്ടു മാത്രമാണ്. നിലനിന്നുപോരുന്നത്. പറയത്തക്ക സ്വത്തു പോട്ടെ, കഷ്ടിച്ചു കഴിഞ്ഞുകൂടാനുള്ള വക കൂടി, അവർക്കില്ല. അവരുടെ സ്ഥിതി നേരയാക്കാൻ പോന്ന പുരുഷന്മാരും അവിടെയില്ല. ആകപ്പാടെ ഒരു ചെറുപ്പക്കാരനുണ്ട്. ആയാൾ ഒന്നൊന്നരക്കൊല്ലംമുമ്പു കോളേജിൽ വായിക്കുമ്പോഴാണ് ആ വീട്ടിലെ കാര്യങ്ങൾ നോക്കിയിരുന്ന കാരണവർ അന്തരിച്ചത്. ആ മരണം ചന്ദ്രൻ പഠിപ്പു നിർത്തി. ആ കുടുംബത്തെ കഷ്ടപ്പാടിൽ വീഴ്ത്തുകയും ചെയ്തു. സ്വതേ വകയില്ലാത്ത കുടുംബം; പരിചയമില്ലാത്ത ഒരു ചെറുപ്പക്കാരൻമാത്രം അതിന്നാലംബവും! ആയാൾക്ക് ഉദ്യോഗമൊന്നും ആയിട്ടില്ല. പലതും ശ്രമിച്ചു നോക്കി. ഫലിച്ചിട്ടില്ല. ഇപ്പോഴും ശ്രമിച്ചു വരുന്നു: പക്ഷേ, പിന്തുണയ്ക്കാളില്ലാതെ എവിടെ എങ്ങനെ കിട്ടാനാണ്! ആയാൾക്കച്ഛനില്ല. അമ്മയും മരിച്ചുപോയിരിക്കുന്നു. ഒരിളയ സഹോദരിയുണ്ട്—രാധ. അവൾ ചെറിയ കുട്ടിയാണ്. പിന്നെ ഒരു ചെറിയമ്മയും, ചെറിയമ്മയ്ക്കു പ്രായം തികഞ്ഞ, ഭാനുമതി എന്നു പേരായി ഒരു മകളും.

സമയം ഏതാണ്ട് എട്ടുമണിയായി. ആ ചെറിയ പെൺകുട്ടി കളിയും പ്രാതലും കഴിഞ്ഞ് ഉമ്മറത്തു കാവലായി. ഏട്ടന്റെ വരവിൽ അവൾക്കുള്ള പ്രത്യേകൌത്സുക്യം, ആയാൾ അവൾക്കു കുപ്പായ ശ്ശീല കൊണ്ടു വരുമെന്നതാണ്.

അവളുടെ ആശ വിഫലമായതുമില്ല. ആയാൾ വന്ന ഉടനേ അവൾക്കുള്ള പൊതി വാത്സല്യസമേതം കയ്യിൽ വെച്ചു കൊടുത്തു. അവൾ ശീലത്തരങ്ങളുടെ വൈചിത്ര്യത്തിൽ ആഹ്ലാദിച്ചുകൊണ്ടിരിക്കെ, അവളുടെ ജ്യേഷ്ഠനും ചെറിയമ്മയും തമ്മിൽ സംഭാഷണം നടന്നു.

"കുട്ടാ, പോയ കാര്യം എന്തായി? സാധിച്ചുവോ? അദ്ദേഹം എന്തു പറഞ്ഞു? അടുത്തെങ്ങാനും ഒഴിവുണ്ടാകുമോ?"

"എന്റെ ചെറിയമ്മേ, വെറുതേ യാത്രയ്ക്കുള്ള പണം ചെലവഴിച്ചു. അല്ലാതെ ഒരു പ്രയോജനവും ഉണ്ടായില്ല."

"കഷ്ടം! എത്ര തവണയായി ഒരു കൊല്ലത്തിന്നിടയ്ക്ക്, കുട്ടൻ ഇങ്ങനെ ഉദ്യോഗമന്വേഷിച്ച് അലഞ്ഞു നടക്കുന്നു! കുറേക്കഴിഞ്ഞാലെങ്കിലും മനുഷ്യർക്കു ദയവുണ്ടാവില്ലേ? എത്ര ആളുകൾക്കു ദിവസം പ്രതി ഉദ്യോഗം കിട്ടുന്നു! നമ്മളെ മാത്രം ഇങ്ങനെ ഈശ്വരൻ ബുദ്ധിമുട്ടിക്കുന്നതെന്തിനാണ്? അല്ലെങ്കിൽ ഈശ്വരനെ കുറ്റം പറയുന്നതെന്തിനാണ്? അവനവന്റെ തലയിലെഴുത്ത്!" ഇതു പറഞ്ഞു കഴിയുമ്പോഴയ്ക്കു ചെറിയമ്മയുടെ കണ്ഠം പതറാനും കണ്ണിൽ വെള്ളം നിറയുവാനും തുടങ്ങി. അതു കണ്ടു ചന്ദ്രൻ അവരെ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

"സാരമില്ല, ചെറിയമ്മേ, ഇനിയും ശ്രമിക്കാം. അടുത്തു തന്നെ വല്ലതും കിട്ടാതിരിക്കില്ല."

ഇതു പറഞ്ഞു ആയാൾ രാധയുടെ അടുക്കലേയ്ക്കു ചെന്നു ശീലത്തരങ്ങളെപ്പറ്റിയുള്ള അവളുടെ അഭിപ്രായം ചോദിച്ചുകൊണ്ടിരുന്നു. ചെറിയമ്മ ചുമച്ചുകൊണ്ട് അടുക്കളയിലേയ്ക്കു പോയി.

ഈ സമയത്തെല്ലാം ഭാനു അവരുടെ സംഭാഷണം ശ്രദ്ധിച്ചുകൊണ്ട് ഉമ്മറവാതില്ക്കൽ നിന്നിരുന്നു. വിചാരങ്ങളെയെല്ലാം ഒരടക്കവുമില്ലാതെ പൊട്ടിപ്പുറപ്പെടുവിക്കുന്ന അമ്മയുടെ ശീലം, എന്തുകൊണ്ടോ, ഭാനുവിനു കിട്ടിയിട്ടില്ല. പറയുന്നതിലധികം വിചാരിക്കുകയാണ് അവളുടെ ശീലം. എന്തായാലും അവൾ മറ്റുള്ളവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടിരുന്നത് ഒരു പ്രത്യേക മട്ടിലാണ്. അതു മറ്റാരും അറിയില്ല. അത്ര മൗനമായിട്ടാണ്. ചന്ദ്രന്റെ ഉദ്യോഗാന്വേഷണങ്ങളും അതിൽ ഇടവിടാതെയുണ്ടാകുന്ന തോൽവിയും അവൾ കണ്ടിരുന്നു. എന്നാൽ അമ്മയെപ്പോലെ ക്ഷോഭത്തോടു കൂടിയല്ല അവളതിനെ നേരിട്ടത്. ഇത്തവണയും അവൾ അതിനെപ്പറ്റി ഒന്നും ശബ്ദിക്കാതെ ഉമ്മറത്തേയ്ക്കു വന്ന് അനുജത്തിയുടെ ആഹ്ലാദത്തിൽ പങ്കുകൊണ്ടു. അനുജത്തിയുടെ ഉത്സാഹത്തിനു തുണയായി ഭാനു വന്നപ്പോൾ ചന്ദ്രൻ അവിടെനിന്നെഴുന്നേറ്റു. ബലാല്ക്കാരേണ സന്തോഷമഭിനയിച്ച് അനുജത്തിയെ സന്തോഷിപ്പിച്ചിരുന്ന ആയാൾക്കതു വലിയൊരാശ്വാസമായി. ആയാൾ ഉള്ളിലെ അസ്വസ്ഥത അടക്കിക്കൊണ്ട് ആ കോലായിൽ പതുക്കെ നടക്കുകയായി. നാലഞ്ചാളുകളടങ്ങിയ ആ കുടുംബം ഇവിടന്നങ്ങോട്ട് എങ്ങനെയാണ് പുലർത്തേണ്ടത് എന്നു വിചാരിച്ച് ആയാൾ വിഷണ്ണനായി: "അവർക്ക് ഉണ്ണാനും ഉടുക്കാനും ഉണ്ടാക്കിക്കൊടുക്കണം. കൂടാതെ, താമസിക്കാതെ ചികിത്സിച്ചില്ലെങ്കിൽ ചെറിയമ്മ അടുത്തു കിടപ്പിലാവും. രാധയെ സ്കൂളിൽ ചേർക്കണം. തലപൊളിയുന്ന നികുതി എവിടന്നെങ്കിലും ഉണ്ടാക്കിക്കൊടുക്കണം. ഇതൊക്കെ എങ്ങനെയാണ് നടത്താൻ കണ്ടിരിക്കുന്നത്!" ആയാൾക്കുള്ളിൽ കരച്ചിൽ വന്നു. അത് ഒരു നെടുവീർപ്പോടുകൂടി പുറത്തേയ്ക്കുവന്നു. തിരിഞ്ഞു നോക്കിയപ്പോൾ ആയാൾ കണ്ടത്, തന്നെ അനുകമ്പയോടെ നോക്കി നില്ക്കുന്ന ഭാനുവിന്റെ മുഖമാണ്. അവരൊരുനിമിഷം പരസ്പരം നോക്കിനിന്നു. ഉടനെ ഒരു ചിരി വരുത്തി, അടുക്കലേയ്ക്കു ചെന്ന് ആയാൾ പറഞ്ഞു, "രാധേ, അതിൽനിന്നു ചിലതു ചേച്ചിക്കും കൊടുക്കണം. അല്ലെങ്കിൽ ഇനി ഞാനൊന്നും കൊണ്ടു വരില്ല." ഇതു പറഞ്ഞ് ആയാൾ അവിടെനിന്നു. നടന്നു;

കളിയും പ്രാതലും കഴിഞ്ഞു ചന്ദ്രൻ പുറത്തിരിക്കുകയാണ്. ദീനക്കാരിയായ ചെറിയമ്മ ചുമച്ചുകൊണ്ട് ഉമ്മറത്തേയ്ക്കു വന്നു. അന്നു കാലത്തെ കുളികാരണം അവരുടെ ചുമ അധികമായിരുന്നു. ചന്ദ്രനു ജോലി കിട്ടാത്ത കുണ്ഠിതം അതു കുറേക്കൂടി അധികമാക്കി. നേരിട്ടില്ലാത്ത മറ്റൊരു വഴിക്ക് ഒരുദ്യോഗം കിട്ടാനുള്ള മാർഗ്ഗമുണ്ട്. അതവർക്കു കുളക്കടവിൽനിന്നു കിട്ടീട്ടു കുറച്ചു ദിവസമായി. നല്ലൊരവസരം നോക്കി അതു ചന്ദ്രനെ ധരിപ്പിക്കണമെന്നു വിചാരിച്ച് അവർ ക്ഷമയറ്റിരിക്കയാണ്. ഇന്നു നല്ലൊരവസരമാണെന്നു കരുതി അവർ അതു പുറത്തു പറയാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. പലവഴിക്കും നടന്നു മടുത്തു ക്ഷീണിച്ച ചന്ദ്രൻ ഇനി അതിനു വിസമ്മതം പറയില്ലെന്ന് ആയമ്മ ഉറച്ചു. ഇനി പറഞ്ഞാൽത്തന്നെ, ഭാനുവിന്റെ കാര്യം കൂടി വരുമ്പോൾ അയാളത് ഉപേക്ഷിക്കില്ലെന്ന് ആയമ്മയ്ക്കു നിശ്ചയമുണ്ട്.

ചെറിയമ്മ ഉമ്മറത്തേയ്ക്കു ചെന്നപ്പോൾ ചന്ദ്രൻ ചാരുകസേലയിൽ ഒരു പുസ്തകവും നിവർത്തിപ്പിടിച്ചു കിടക്കുകയാണ്. ആയാൾ എഴുന്നേറ്റിരുന്നു. ചെറിയമ്മ സംഭാഷണത്തിനുള്ള ചില്ലറ പ്രാരംഭങ്ങൾ തുടങ്ങി.

"ഹാവൂ, എന്തൊരു ചൂടാണ്! ഇനി എങ്ങനെയാണ് നാലഞ്ചു മാസം കഴിച്ചുകൂട്ടുക. ചന്ദ്രനു വിയർക്കുന്നില്ലേ? ഇതാ വിശറി വീശിക്കോളൂ വേണമെങ്കിൽ."

"ഇവിടെ കുറച്ചു കാറ്റുണ്ട്. അതാണ് ഞാനിവിടെ കിടന്നത്. മുറ്റത്തൊരു പന്തലിട്ടാൽ ഉഷ്ണത്തിനു കുറേ ആശ്വാസം കിട്ടുമെന്നു തോന്നുന്നു. പക്ഷേ, അതിന്..."

"അതേ, പണം വേണ്ടേ! എന്താ ചെയ്യുക! കുട്ടന് ഒരു ജോലിയുണ്ടായിരുന്നെങ്കിൽ ഈ ബുദ്ധിമുട്ടൊന്നും ഉണ്ടാവില്ലായിരുന്നു."

ഇതു പറഞ്ഞ് അവർ കുറേ നേരം മൗനമായിരുന്നു. അതിനുശേഷം വളരെ സ്വകാര്യമായിട്ടു കാര്യം പറയാൻ ധൈര്യപ്പെട്ടു. "കുട്ടാ, ഞാനൊരു കാര്യം പറയട്ടെ; രസിക്കുമോ എന്നെനിക്കു നിശ്ചയമില്ല. പക്ഷേ, കാര്യം നല്ലതാണ്. ഇരുകൂട്ടർക്കും നല്ലതാണ്. കുട്ടന് അതു സമ്മതമാണോ?"

ആയാൾക്കു ചിരി വന്നു. കാര്യം സ്വകാര്യമാണെങ്കിൽ തുറന്നു പറയാതെ, അതു മറ്റുള്ളവർക്കു മനസ്സിലായി എന്ന മട്ടിൽ, അവർക്കതു സമ്മതമാണോ എന്നു ചോദിക്കുന്ന ചെറിയമ്മയുടെ സ്വഭാവം അനാദ്യമായിട്ടല്ല ആയാൾ നേരിടുന്നത്. കാര്യമെന്താണെന്ന് ആയാൾ ചിരിച്ചുകൊണ്ടു ചോദിച്ചു. പ്രോത്സാഹനസൂചകമായ ചിരി കണ്ടപ്പോൾ ചെറിയമ്മയ്ക്ക് ഉത്സാഹം വന്നു. അവർ കാര്യം തുറന്നു പറഞ്ഞു:

"ആ ശേഖരൻ നായരില്ലേ? ആയാളുടെ മകൾക്കൊരാളു വേണം. ഉദ്യോഗമില്ലാത്താളാണെങ്കിൽ ആയാൾക്കുദ്യോഗം കൊടുക്കാൻ കഴിയും. അതു കേട്ടപ്പോൾ എനിക്കു കുട്ടന്റെ ഓർമ്മ വന്നു. അങ്ങനെയായാൽ ഈ അലഞ്ഞുനടക്കലും മറ്റും ഇനി വേണ്ടി വരില്ലല്ലോ. മറ്റൊരു മെച്ചമുണ്ട്: ഭാനുവിന് ഇങ്ങോട്ടു നമുക്കും ഒരാളെക്കിട്ടും. ആ പെണ്ണിനു പ്രായം കവിഞ്ഞുതുടങ്ങിയില്ലേ? ഇപ്പോൾ ഒരാളുണ്ടായിട്ടില്ലെങ്കിൽ, ഇനി അവൾക്കൊരാൾ ഉണ്ടായിക്കാണാൻ എനിക്കു യോഗമുണ്ടാവില്ലെന്നാണ് തോന്നുന്നത്!" തൊണ്ട ഇടറുക കാരണം ചെറിയമ്മ സംസാരം നിർത്തി. മേൽമുണ്ടുകൊണ്ടു കണ്ണുതുടച്ചുകൊണ്ട് ആയാളുടെ മറുപടി കാത്തിരുന്നു. ആയാൾ മറുപടി ഒന്നും പറഞ്ഞില്ല. ചെറിയമ്മ പിന്നീട്ട് പ്രാരബ്ധങ്ങൾ ഓരോന്നായി പറയാൻ തുടങ്ങി...

ആയാളുടെ മനസ്സിലൂടെ ഒരു പതിനായിരം ആലോചനകൾ പാഞ്ഞു. അവിടെ സ്ഥലം പിടിച്ചിരുന്ന പല മനോരാജ്യങ്ങളും സ്ഥലം വിട്ടു പോയി. ആദ്യം കുറേ ദേഷ്യം വന്നെങ്കിലും ചെറിയമ്മയുടെ പ്രായോഗിക മനസ്ഥിതിയെ ആയാൾക്ക് അഭിനന്ദിക്കാതിരിപ്പാൻ കഴിഞ്ഞില്ല. പരിതസ്ഥിതികൾക്കു കീഴടങ്ങി ആയാൾ ആലോചിച്ചു: "അതു നന്ന്: എനിക്കുദ്യോഗം. ഭാനുവിന് ഒരാൾ: അവൾക്കു പ്രായം കവിഞ്ഞു തുടങ്ങി. ഇനിയും താമസിച്ചാൽ പക്ഷേ, ആജീവനാന്തം അവൾ കന്യകയായി കഴിയേണ്ടി വരും. ഈശ്വരാ, എങ്ങനെയാണതു് അറിഞ്ഞു കൊണ്ടു ചെയ്യുക! പാവം! സാധുക്കുട്ടി! അവൾക്കൊരൊറ്റ ആക്ഷേപവും ആവലാതിയുമില്ല. എല്ലാം നിശ്ശബ്ദമായി സഹിക്കുന്നു!" ഒടുവിൽ ആയാൾ ചെറിയമ്മയെ സമാധാനിപ്പിക്കാനായി പറഞ്ഞു: "ആവാം, ചെറിയമ്മേ, പക്ഷേ, ബദ്ധപ്പെടാറായോ? കുറച്ചുകൂടി ക്ഷമിച്ചുനോക്കിക്കൂടേ?"

ചെറിയമ്മയ്ക്കു സന്തോഷമായി. അവർ വ്യസനവും സന്തോഷവും ഇടകലർത്തിയ സ്വരത്തിൽ പറഞ്ഞു, "കുട്ടന്റെ സ്ഥിതി കണ്ടാണ് ഞാനിതു പറഞ്ഞത്. ആർക്കും തോന്നില്ലേ സങ്കടം! എത്ര കാലമായി, പാവം, ഒരു ജോലിക്കു വേണ്ടി അലഞ്ഞു തിരിയുന്നു. ഇനിയും എത്ര കാലമാണ് കാത്തിരിക്കുക?" കുറച്ചു ചുമച്ചു നിർത്തിയതിനു ശേഷം, അവർ ഒരാത്മഗതത്തെ തുടർന്നു കുറച്ചുറക്കെ ഇങ്ങനെ തന്നോടെന്ന പോലെ പറഞ്ഞു: "അതോടുകൂടി ആ പെണ്ണിനും ഒരാളെ കിട്ടുകയാണെങ്കിൽ വലിയൊരു ഭാരം കുറഞ്ഞില്ലേ? പിന്നെ രാധ വലുതാവുമ്പോഴയ്ക്കല്ലേ ഒരാളെ നോക്കേണ്ടു. അന്നേയ്ക്ക് ആരു കണ്ടു! ദൈവകൃപയുണ്ടെങ്കിൽ കുട്ടനും ശേഖരൻ നായരെപ്പോലെ നല്ലൊരു സ്ഥിതിയിലായിത്തീരും. ഒരാളെ കിട്ടാൻ വിഷമിക്കയുമില്ല."

പ്രത്യേകിച്ചൊരു പഠിപ്പുമില്ലാത്ത ചെറിയമ്മയുടെ ലോക പരിചയവും ദീർഘദൃഷ്ടിയും ചന്ദ്രനെ ആശ്ചര്യപ്പെടുത്തി. വരാനുള്ള സംഭവങ്ങൾക്കൂടി അവർ അളന്നുമുറിച്ചു വെച്ചിരിക്കുന്നു. തന്റെ അടുക്കൽത്തന്നെ, ഇതിനു മുമ്പ്, ഇതുപോലെ രണ്ടുമൂന്നാലോചനകൾ വന്നിട്ടുണ്ട്. അതെല്ലാം നിരസിക്കുമ്പോൾ താൻ ഇത്ര ദീർഘദർശനം ചെയ്തിരുന്നില്ല. തനിക്കിഷ്ടമില്ലാത്ത ഒരു കാര്യം വേണ്ടെന്നുവെച്ചു എന്നേ കരുതിയിട്ടുള്ളൂ. തന്റെ വിവാഹ സംഗതിക്ക് ആ കുടുംബത്തിലെ മറ്റു ചിലരോട് ഇത്രയധികം ബന്ധമുള്ള കാര്യം ആയാളുടെ ആലോചനയിൽ കടന്നിട്ടേ ഇല്ല. തന്റെ ഉത്തരവാദിത്വമോർത്ത് ആയാളൊന്നു ഞെട്ടി. "ആട്ടെ, നിവൃത്തിയുണ്ടെങ്കിൽ ഇതു കൂടാതെ കഴിക്കണം" എന്ന് അയാൾ മനസ്സിലുറപ്പിച്ചു! പക്ഷേ, തീരെ മനസ്സമാധാനമില്ലാതെ വീണ്ടും ആലോചിച്ചു: 'അതല്ലാതെ ഗതിയില്ലെന്നു വരുമോ, ഈശ്വരാ!'

അകത്തു നിന്നു ഭാനുവിന്റെ വിളി കേട്ടു, "അമ്മേ, ഉണ്ണാറായിരിക്കുന്നു."

"എനിക്കിന്നൊന്നും വേണ്ടാ, മോളേ."

"ഉം?" കസാലയിൽ നിന്നെഴുന്നേറ്റു ചന്ദ്രൻ ചോദിച്ചു.

"ഒന്നൂല്യ," അവർ ചുമച്ചുകൊണ്ട് മറുപടി പറഞ്ഞു.

ചന്ദ്രൻ അടുത്തു ചെന്നു ചെറിയമ്മയെ തൊട്ടുനോക്കി. അവർക്കു നല്ലവണ്ണം പനിച്ചിരുന്നു. സ്വതവേ ദീനക്കാരിയായ അവർക്കന്നു കാലത്തെ കുളി തീരെ പന്തിയായില്ല. കൂടാതെ വിശേഷദിവസമാകകൊണ്ടു ദേഹമനങ്ങി അടുക്കളയിൽ മകളെ സഹായിക്കുകയുമുണ്ടായി.

"ചെറിയമ്മയ്ക്കു നല്ല പനിയുണ്ടല്ലോ. പോയി കിടക്കൂ. എന്തിനാണ് കാലത്തു കുളിച്ചതും ദേഹമനക്കിയതും?" അല്പം പരിഭവത്തോടും വ്യസനത്തോടുംകൂടി ചന്ദ്രൻ ചോദിച്ചു.

"എന്റെ കുട്ടാ, ആ പെണ്ണൊരുത്തിയല്ലേ ഉള്ളു അടുക്കളയിൽ! എങ്ങനെയാണ് അതു കണ്ടുംകൊണ്ടു ഒരു ദിക്കിൽ അടങ്ങിയൊതുങ്ങിക്കിടക്കുക?"

"എന്തു പനിയാണ് പനിക്കുന്നത്! മഞ്ഞത്തു പോയി പച്ചവെള്ളത്തിൽ കുളിയും കഴിച്ചു. ഇങ്ങനെ അന്തമില്ലാതെ ചെയ്യരുത്, കേട്ടോ."

"ഒരാണ്ടറുതിയല്ലേ കുട്ടാ, ഒന്നു മുങ്ങിക്കുളിക്കാഞ്ഞാലോ എന്നു കരുതി ചെയ്തതാണ്. ഹാവൂ! എനിക്കു വയ്യേന്റമ്മേ. ആ പെണ്ണു മാത്രമേയുള്ളു അടുക്കളയിൽ! രാധ എവിടെയാണാവോ. അടങ്ങിയൊതുങ്ങിയിരിക്കാതെ വികൃതി കാണിച്ചു വല്ല ദിക്കിലും പൊളിഞ്ഞു വീഴും." ഇങ്ങനെ അവർ ഏക്കത്തിനും ചുമയ്ക്കുമിടയ്ക്ക് ആവലാതികളും മനസ്സമാധാനമില്ലായ്മയും കാട്ടി ഒടുവിലൊരുവിധം ചെന്നു കിടന്നു. ചന്ദ്രൻ ഒരു പുതപ്പുകൊണ്ട് അവരെ നല്ലവണ്ണം മൂടി ചില സമാധാനവാക്കുകൾ പറഞ്ഞുകൊണ്ടിരുന്നു.

"കുട്ടൻ പോയി ഉണ്ണൂ. ഇലയും പലകയും വെച്ചിട്ടുണ്ടാവും. നേരമെത്രയായി!"

"ചെറിയമ്മയ്ക്കു കഞ്ഞി കാലമാവട്ടെ. ഒന്നിച്ചിരിക്കാം."

അതിലിടയ്ക്ക് ഉമ്മറത്തു നിന്നു 'പ്ലേ' എന്നൊരൊച്ചയും അതിനെത്തുടർന്ന് ഉറക്കെ ഒരു കരച്ചിലും കേട്ടു.

"അതാ, ഞാൻ പറഞ്ഞില്ലേ, ആ പെണ്ണതാ വികൃതി കാട്ടിക്കാട്ടി എവിടെയോ പൊളിഞ്ഞുവീണു. എവിടെയൊക്കെയാണാവോ പൊട്ടിയത്! വേഗം പോയി നോക്കൂ. ഇതാണ് നോക്കാനൊരാളില്ലാഞ്ഞാൽ," എന്നു പറഞ്ഞു ചെറിയമ്മ കിടന്നിടത്തുനിന്നെഴുന്നേല്ക്കാൻ ഭാവിച്ചുകൊണ്ടു തുടർന്നു: "ഒരാണ്ടറുതിയായിട്ട് എല്ലാവരും. കിടപ്പിലാവണം. അങ്ങനെയാണ് വേണ്ടത്. എന്റയീശ്വരാ, ഞാനെന്തൊരു പാപമാണ്. മുജ്ജന്മം ചെയ്തത്, ഇതൊക്കെ കണ്ടനുഭവിക്കാൻ!"

ചെറിയമ്മയുടെ ഭയം അസ്ഥാനത്തായിരുന്നില്ല. രാധ ഉമ്മറത്തുനിന്ന് അകത്തേയ്ക്കോടുമ്പോൾ ഉമ്മറപ്പടി തട്ടി വീണു നെറ്റി പൊട്ടി. രക്തം ധാരയായി ഒലിച്ചിരുന്നു. കുട്ടി പരിഭ്രമിച്ചു വളരെയുറക്കെ കരഞ്ഞു. ചോര പോകുന്നതു കണ്ടു മറ്റുള്ളവരും പരിഭ്രമിച്ചു. ഒടുവിൽ ഒരുവിധം മുറിവുകെട്ടി ശരിയാക്കി. അപ്പോഴേയ്ക്കും കരഞ്ഞു ക്ഷീണിച്ചു കുട്ടി ഭക്ഷണം കഴിക്കാതെ ക്ഷണത്തിലുറങ്ങി. ചെറിയമ്മ തന്റെ വിധിയെ ശപിച്ചുകൊണ്ടു കരഞ്ഞു കഞ്ഞി കുടിക്കാൻ കൂട്ടാക്കാതെ കട്ടിലിൽ കമിഴ്ന്നുകിടന്നു. ഇതെല്ലാം കണ്ടു മറ്റുള്ളവർ എങ്ങനെ ഭക്ഷണം കഴിക്കും? ഭാനു അമ്മ കിടക്കുന്ന മുറിയിൽ ചുമരുചാരിയിരുന്നു നിശ്ശബ്ദമായി കരഞ്ഞു.

അടക്കവയ്യാത്ത വ്യസനത്തോടും ദേഷ്യത്തോടും നൈരാശ്യത്തോടുംകൂടി ചന്ദ്രൻ ഏകാന്തത്തിലിരുന്നു പലതും ആലോചിച്ചു. ആ ഒരിടനേരത്തിനകം ആയാൾക്കു പത്തു വയസ്സുകൂടി. അതിനുള്ള ലോകചരിചയവും കിട്ടിയിരിക്കണം. അയാൾ ചെറിയമ്മയുടെ ഉപദേശം സ്വീകരിച്ച് അവരെ സാന്ത്വനപ്പെടുത്തി.

□

# വള്ളത്തോൾ വാസുദേവമേനോൻ ബി. എ.



കുറ്റിപ്പുറത്ത് കേശവൻ നായരുടെയും വള്ളത്തോൾ അമ്മാളുക്കുട്ടി അമ്മയുടെയും മകനായി 1916-ൽ ജനിച്ചു. 1968-ൽ ഒരു കാറപകടത്തിൽ മരിച്ചു. മലയാളത്തിൽ വളരെയധികം എഴുതീട്ടില്ലെങ്കിലും ശ്രദ്ധിക്കപ്പെട്ട എഴുത്തുകാരനായിരുന്ന വി വി. കേസരി ബാലകൃഷ്ണപിള്ള ഇദ്ദേഹത്തിന്റെ കാളവണ്ടി എന്ന കഥയെപ്പറ്റി ഒരു വിമർശനം എഴുതീട്ടുണ്ട്.

## കൃതികൾ

- കാളവണ്ടി
- മാരാരും കൂട്ടരും
- രംഗമണ്ഡപം
- എവറസ്റ്റാരോഹണം
- ഇന്നത്തെ റഷ്യ
- സന്ധ്യ
- Quest—(ജി. ശങ്കരക്കുറുപ്പിന്റെ ഓടക്കുഴൽ എന്ന സമാഹാരത്തിന്റെ ഇംഗ്ലീഷ് പരിഭാഷ)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014